# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 സെപ്റ്റംബർ 29 വ്യാഴം
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -30)

മറുപടി നൽകുന്ന മന്ത്രിമാർ

വിദ്യാഭ്യാസ വകുപ്പുമന്ത്രി
റവന്യൂ വകുപ്പുമന്ത്രി
മരാമത്ത് വകുപ്പുമന്ത്രി
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി

റോഡുകളുടെ സംരക്ഷണം ഉറപ്പാക്കാൻ നടപടി

*91 ശ്രീ.ജി. സുധാകരൻ
,, പുരുഷൻ കടലുണ്ടി
,, കെ.കെ. നാരായണൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ സംരക്ഷണം ഉറപ്പാക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന അപാകതകൾ ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ പുതുതായി സ്വീകരിച്ച നടപടികൾ എന്താണെന്ന് വിശദമാക്കുമോ ;

(സി) ഇപ്പോൾ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകൾ പൂർണ്ണതോതിൽ ഗതാഗത യോഗ്യമാക്കുന്നതിന് ആവശ്യമാകുന്ന മൊത്തം തുകയും ഈ വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയും വിശദമാക്കാമോ ;

(ഡി) എപ്പോൾ നിർണ്ണയിക്കപ്പെട്ട നിരക്കുകൾക്കനുസൃതമായിട്ടാണ് ഇവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കപ്പെട്ടിട്ടുള്ളത് ; ഇപ്പോഴത്തെ വില സൂചികയനുസരിച്ചുള്ള നിരക്കുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത</u>

*92 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, റ്റി. എ അഹമ്മദ് കബീർ
,, മഞ്ഞളാംകുഴി അലി
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പരിഗണിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതര സംസ്ഥാനങ്ങളിൽ സാങ്കേതിക സർവ്വകലാശാലകൾ പ്രവർത്തിച്ചുവരുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(സി) സംസ്ഥാനത്തിനകത്ത് സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് മേഖലയിൽ പോളിടെക്നിക്കുകളുൾപ്പടെ എത്ര സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ സ്ഥാപനങ്ങളുടെയെല്ലാം സാങ്കേതിക വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും അവലോകനം ചെയ്യുന്നതിനും ഒരു അംബ്രല്ലാ ഓർഗനൈസേഷൻ ഉണ്ടാകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽ വന്നിട്ടുണ്ടോ .

(ഇ) എങ്കിൽ സെന്റർ ഓഫ് എക്സലൻസ് നിശ്ചയിച്ച് മികവുറ്റ സ്ഥാപനങ്ങൾക്ക് അക്കാദമിക്ക് സ്വാതന്ത്ര്യം നല്കത്തക്കവിധം കാലാനുസൃത കാഴ്ചപ്പാടുള്ള ഒരു സാങ്കേതിക യൂണിവേഴ്സിറ്റി സംസ്ഥാനത്ത് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

ഭൂമി ഏറ്റെടുക്കലും നഷ്ടപരിഹാരവും

*93 ശ്രീ. പി.എ. മാധവന്‍
,, വി.റ്റി. ബല്‍റാം
,, എ.പി. അബ്ദുള്ളക്കുട്ടി
,, പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വികസന ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുമ്പോള്‍ ഉടമക്ക് നഷ്ടപരിഹാരം നല്‍കുന്നതു സംബന്ധിച്ച നയത്തിന് ഗവണ്‍മെന്റ് രൂപം കൊടുത്തിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഏതെങ്കിലും പദ്ധതികള്‍ക്കുവേണ്ടി ഭൂമി ഏറ്റെടുക്കുമ്പോള്‍ പദ്ധതി നടപ്പിലായില്ലെങ്കില്‍ ഏറ്റെടുത്ത ഭൂമി തിരികെ നല്‍കുമോ;

(ഡി) വികസന പ്രവര്‍ത്തനത്തിനു സ്ഥലം കൊടുക്കുന്നവര്‍ക്ക് പദ്ധതിയുടെ ഓഹരി ഉടമകള്‍ ആകാന്‍ അവസരം നല്‍കുമോ;

(ഇ) ഭൂമി ഏറ്റെടുക്കുന്ന വിജ്ഞാപനം ഇറക്കുന്നതിന് മുന്‍പ് ഭൂമി വിട്ടു നല്‍കുന്നവരെ പദ്ധതിയുടെ ന്യായാന്യായങ്ങള്‍ ബോധ്യപ്പെടുത്താന്‍ അവസരം നല്‍കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>അദ്ധ്യാപക പാക്കേജ്</u>

*94 ശ്രീ. കെ. വി. വിജയദാസ്
ഡോ. കെ. ടി. ജലീൽ
ശ്രീ. കെ. രാധാകൃഷ്ണൻ
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക പാക്കേജ് നടപ്പിലാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഇത് സംബന്ധിച്ച് അന്തിമ തീരുമാനം എന്താണ്;

(ബി) അദ്ധ്യാപക സംഘടനകളും എയിഡഡ് സ്കൂൾ മാനേജുമെന്റുകളുമായി സർക്കാർ നടത്തിയ ചർച്ചയിൽ എന്തെല്ലാം സംഗതികളിൽ ധാരണയായിട്ടുണ്ട് ; വിശദമാക്കുമോ;

(സി) മന്ത്രിസഭാ ഉപസമിതി മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു; വിശദമാക്കുമോ;

(ഡി) മാനേജ്മെന്റുകൾ അംഗീകരിക്കാത്ത, സർക്കാർ നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

(ഇ) മാനേജ്മെന്റുകളുടെ ഏതെല്ലാം ആവശ്യങ്ങൾ സർക്കാർ അംഗീകരിക്കുകയുണ്ടായി?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>ബഡ്ജറ്റ് നിർദ്ദേശങ്ങൾ സംബന്ധിച്ച നടപടി</u>

*95

ശ്രീ. ഇ. പി. ജയരാജൻ
,, എസ്. രാജേന്ദ്രൻ
ഡോ. ടി.എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്ക്കരണ നിയമത്തിൽ മാറ്റം വരുത്താനുള്ള ബഡ്ജറ്റ് നിർദ്ദേശങ്ങളുമായി മുന്നോട്ടുപോകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ബഡ്ജറ്റ് നിർദ്ദേശങ്ങൾക്കെതിരെ സംസ്ഥാനത്ത് ഉയർന്നുവന്ന വിയോജിപ്പുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>അദ്ധ്യാപക ശാക്തീകരണത്തിനായി ഹെൽപ്പ് ഡെസ്ക്<br>ഓൺലൈൻ പരിശീലനം</u>

*96 ശ്രീ. പി. സി. വിഷ്ണുനാഥ്
,, വർക്കല കഹാർ
,, ബെന്നി ബെഹനാൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക ശാക്തീകരണത്തിനായി ഹെൽപ്പ് ഡെസ്ക് ഓൺലൈൻ പരിശീലനം ആരംഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പരിശീലനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) സംസ്ഥാനത്തെ എത്ര സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ട്;

(ഡി) ടെലിഫോൺ, ഇ-മെയിൽ എന്നിവയിലൂടെ സംശയങ്ങൾ ദൂരീകരിക്കുവാൻ അവസരം ഒരുക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>പരീക്ഷാ സമ്പ്രദായത്തിൽ മാറ്റം</u>

*97 ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. എം. എ ബേബി
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ കുട്ടികളുടെ പരീക്ഷാസമ്പ്രദായത്തിലോ, തുടർ മൂല്യ നിർണ്ണയ രീതിയിലോ ഈ സർക്കാർ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) ഏതെങ്കിലും വിദഗ്ദ്ധ ഏജൻസിയുടെ നിർദ്ദേശം സ്വീകരിച്ചുകൊണ്ടാണോ ഇതു നടപ്പിലാക്കിയത്

(സി) കേരളത്തിൽ തുടർമൂല്യനിർണ്ണയ രീതി നിലവിലില്ലാതിരുന്ന കാലത്ത് ഓണപ്പരീക്ഷ, ക്രിസ്തുമസ് പരീക്ഷ എന്നിങ്ങനെ സ്കൂൾ പരീക്ഷ നടത്തിയിട്ടുണ്ടായിരുന്നോ;

(ഡി) ബോധനത്തിന്റെ കാര്യക്ഷമത പരിശോധിക്കാനുള്ള പരീക്ഷാപരിഷ്കരണം അക്കാദമികമായിട്ടാണോ തീരുമാനിക്കപ്പെട്ടിരുന്നത്; എങ്കിൽ ഓണപ്പരീക്ഷ എന്ന നിലയിലേക്കുള്ള മാറ്റം എന്തിന് വേണ്ടിയുള്ളതായിരുന്നു; വിശദമാക്കാമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>സര്‍വ്വകലാശാല നിയമങ്ങളും സ്റ്റാറ്റ്യൂട്ടുകളും കാലാനുസൃത മായി പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത</u>

*98 ശ്രീ. പി. കെ. ബഷീര്‍
,, എന്‍. എ. നെല്ലിക്കുന്ന്
,, എന്‍. ഷംസുദ്ദീന്‍
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സര്‍വ്വകലാശാല നിയമങ്ങളും സ്റ്റാറ്റ്യൂട്ടുകളും കാലാനുസൃതമായി പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ആദ്യകാല സര്‍വ്വകലാശാല നിയമങ്ങളിലും സ്റ്റാറ്റ്യൂട്ടുകളിലും ചില താല്‍ക്കാലിക ഭേദഗതികള്‍ ഇടയ്ക്കിടെ നടത്തിയിട്ടുണ്ടെങ്കിലും കാലാനുസൃതമായ സമഗ്രപരിഷ്ക്കരണം ഉണ്ടായിട്ടില്ലെന്ന കാര്യം അറിവുണ്ടോ;

(സി) ഇതുമൂലം ഉന്നതവിദ്യാഭ്യാസ രംഗത്ത് നിലവാരത്തകര്‍ച്ച ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ;

(ഡി) വേണ്ടത്ര അവധാനതയോടെ പഠനം നടത്തിയ ശേഷം മെഡിക്കല്‍, ഫിഷറീസ് എന്നീ യൂണിവേഴ്സിറ്റി നിയമങ്ങള്‍ തയ്യാറാക്കാത്തതുമൂലം സ്പെഷ്യലൈസ്ഡ് പഠനമേഖലയില്‍ ആധുനിക ആവശ്യങ്ങള്‍ക്കനുസരണമായ സൗകര്യങ്ങള്‍ ഏര്‍പ്പെടുത്താന്‍ കഴിയാതെ വരുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ഇ) സംസ്ഥാനത്തെ കാലഹരണപ്പെട്ട യൂണിവേഴ്സിറ്റി നിയമങ്ങളും സ്റ്റാറ്റ്യൂട്ടുകളും ഉന്നതവിദ്യാഭ്യാസ രംഗത്ത് ഗുണപരവും കാലാനുസൃതവുമായ മാറ്റം ഉണ്ടാക്കാന്‍ ഉതകുംവിധം സമഗ്രപരിഷ്ക്കരണം നടത്തുന്നത് സംബന്ധിച്ച് അഭിപ്രായരൂപീകരണം നടത്തുന്നതിനും തദനുസൃത നിയമനിര്‍മ്മാണത്തിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>സോഷ്യൽ ഓഡിറ്റ്</u>

*99 ശ്രീ. കെ. കെ. നാരായണൻ
,, കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)
,, ബി. ഡി. ദേവസ്സി
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപകരുടെ കാര്യക്ഷമത വിലയിരുത്താൻ സോഷ്യൽ ഓഡിറ്റ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളേയും ഈ പ്രക്രിയയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഒഴിവാക്കപ്പെട്ടത് ഏവ; ഇതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ഡി) അദ്ധ്യാപക സംഘടനകളുമായി ഇത് സംബന്ധിച്ച് ചർച്ചകൾ നടത്തിയിരുന്നോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>ഹോട്ടലുകൾക്ക് നികുതിയിളവ്</u>

*100 ശ്രീ. ലൂഡി ലൂയിസ്
,, സണ്ണി ജോസഫ്
,, ഷാഫി പറമ്പിൽ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖല വികസിപ്പിക്കുന്നതിന് ഹോട്ടലുകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്;

(ബി) വിനോദ സഞ്ചാര മേഖലയിൽ പിന്നോക്കം നിൽക്കുന്ന സ്ഥലങ്ങളിൽ നിശ്ചിത വർഷത്തേക്ക് നികുതി ഇളവ് പ്രഖ്യാപിക്കുമോ;

(സി) എങ്കിൽ ആദ്യഘട്ടമെന്ന നിലയിൽ എവിടെയെല്ലാമാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ഡി) പിന്നോക്ക മേഖലയിൽ പുതിയ ഹോട്ടലുകൾ തുറക്കാൻ സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>തുറമുഖ ടൂറിസം</u>

*101 ശ്രീ. സി. കൃഷ്ണൻ
,, എളമരം കരീം
,, ആർ. രാജേഷ്
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തുറമുഖങ്ങളെ ടൂറിസം കേന്ദ്രങ്ങളാക്കി വികസിപ്പിക്കാനുള്ള സാദ്ധ്യതകൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ എന്തെങ്കിലും നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) വിദേശ രാജ്യങ്ങളിൽ തുറമുഖം, ടൂറിസം സാദ്ധ്യതകൾക്കായി ഉപയോഗപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ടൂറിസം സാദ്ധ്യതകൾക്കായി തുറമുഖങ്ങളെ ഏതെല്ലാം രീതിയിൽ ഉപയോഗപ്പെടുത്താനുള്ള പദ്ധതികളാണ് രൂപപ്പെടുത്തുന്നത്; വിശദമാക്കാമോ?

# കേരള നിയമസഭ

## 29.09.2011-ലെ മറുപടിക്ക്

**'സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്' പദ്ധതിയുടെ വിശദാംശങ്ങൾ**

*102 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എം. ഉമ്മർ
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയിരം കിലോമീറ്റർ റോഡ് അന്താരാഷ്ട്ര നിലവാരത്തിൽ പുനർനിർമ്മിക്കുക എന്ന ലക്ഷ്യത്തിനായി സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) പ്രധാനപ്പെട്ട ഡിസ്ട്രിക്ട് റോഡുകളും സ്റ്റേറ്റ് റോഡുകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പുനർ നിർമ്മിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പദ്ധതിക്കായി എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ട്; പ്രസ്തുത തുക ഏതൊക്കെ മാർഗ്ഗത്തിലൂടെയാണ് സമാഹരിക്കുക;

(ഡി) ഈ റോഡുകൾക്ക് ടോൾ നൽകേണ്ടിവരുമോ;

(ഇ) നിശ്ചിത സമയ പരിധിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>തേക്കടി ബോട്ട് ദുരന്തം</u>

*103 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തേക്കടി ബോട്ട് ദുരന്തത്തെത്തുടർന്ന് നിയമിച്ച അന്വേഷണ കമ്മീഷന്റെ കണ്ടെത്തലുകൾ എന്തെല്ലാം; എന്തെല്ലാം ശുപാർശകളാണ് കമ്മീഷൻ നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) മാരിടൈം ബോർഡ് രൂപീകരിക്കണമെന്ന കാര്യത്തിലും ബോട്ട് യാത്രക്കാർക്കായി സമഗ്ര ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്താനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതി</u>

*104 ശ്രീ. അൻവർ സാദത്ത്
,, ജോസഫ് വാഴക്കൻ
,, ബെന്നി ബെഹനാൻ
,, പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൈസ്ക്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ആർ.എം.എസ്.എ. (രാഷ്ട്രീയ മാധ്യമ ശിക്ഷാ അഭിയാൻ)പദ്ധതി പ്രകാരം കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെല്ലാം ;

(സി) ഇതിന് എത്ര കോടി രൂപയുടെ ധനസഹായമാണ് നൽകുന്നത് ; ആദ്യഘട്ടത്തിൽ ഇത് എവിടെയൊക്കെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കൽ നയം

*105 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, റ്റി. എ. അഹമ്മദ് കബീർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച് നിലവിലുള്ള നയത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഭൂമി നഷ്ടമാവുന്ന ഭൂവുടമകൾക്ക്, ഭാവിയിൽ ഭൂവിലയിലുണ്ടാകുന്ന വർദ്ധനയ്ക്ക് ആനുപാതികമായ ആനുകൂല്യം ലഭ്യമാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;

(സി) വീടുൾപ്പെടുന്ന ഭൂമി വിട്ടു നൽകുന്ന കുടുംബങ്ങൾക്ക്, സമീപത്തു തന്നെ വീടുവച്ച് താമസിക്കാൻ അഞ്ചു സെന്റ് ഭൂമി ന്യായവില ഈടാക്കിക്കൊണ്ട് ലഭ്യമാക്കുന്ന രീതി പുതിയ നയത്തിൽ ഉൾപ്പെടുത്തുമോ;

(ഡി) വികസന പദ്ധതികൾക്കു വേണ്ടി കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബത്തിലെ ഒരംഗത്തിന് പദ്ധതിയിൽ ജോലി നൽകുന്ന രീതി ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരമൊരു പദ്ധതി ആവിഷ്ക്കരിക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

ഇ. ടെൻഡർ സംവിധാനം നടപ്പിലാക്കാൻ നടപടി

*106 ശ്രീ. വർക്കല കഹാർ
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. ഡി. സതീശൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരാമത്ത് വകുപ്പിൽ ഇ. ടെൻഡർ സംവിധാനം നടപ്പാക്കാനുദ്ദേശമുണ്ടോ .

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി ഉദ്യോഗസ്ഥർക്കും കരാറുകാർക്കും പരിശീലനം നൽകാനുദ്ദേശിക്കുന്നുണ്ടോ ;

(ഡി) എൻ. ഐ. സി. യുമായി സഹകരിച്ച് ഇ.ടെൻഡർ സംവിധാനം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജുമെന്റു
കളുമായി ഉണ്ടാക്കിയ കരാര്‍

*107 ഡോ. കെ.ടി. ജലീല്‍
ശ്രീ. റ്റി.വി. രാജേഷ്
,, എം. ചന്ദ്രന്‍
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റുകളുമായി വിദ്യാര്‍ത്ഥിപ്രവേശനവും ഫീസും സംബന്ധിച്ച
കാര്യത്തില്‍ സര്‍ക്കാര്‍ കരാറില്‍ ഒപ്പിട്ടിട്ടുണ്ടോ ;

(ബി) കരാറിലെ വ്യവസ്ഥകള്‍ വിശദമാക്കാമോ ; കരാറിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ ;

(സി) സ്വാശ്രയ മേഖലയില്‍ പ്രവര്‍ത്തിക്കുന്ന എല്ലാ മാനേജ്മെന്റുകള്‍ക്കും കരാര്‍ ബാധകമാണോ ; ഇന്റര്‍ചര്‍ച്ച് കൗണ്‍സിലിന് കീഴിലുള്ള കോളേജുകളെ ഇതില്‍ നിന്ന് ഒഴിവാക്കിയത് എന്തുകൊണ്ടാണ് ;

(ഡി) കരാറിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ കോളേജ് മാനേജ്മെന്റുകള്‍ക്കും കൂടി ഈ വര്‍ഷം മൊത്തം എന്തു തുക അധികമായി വിദ്യാര്‍ത്ഥികളില്‍ നിന്നും ഈടാക്കാന്‍ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

മലയാള ഭാഷാ പഠനം നിർബന്ധമാക്കുവാൻ നടപടി

*108 ശ്രീ. റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ
,, പാലോട് രവി
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽ മലയാള ഭാഷാ പഠനം നിർബന്ധമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(ബി) ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ മലയാളഭാഷാ പഠനം നിർബന്ധമാക്കുവാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി. ബി. എസ്.ഇ/ഐ.സി.എസ്.ഇ സ്കൂളുകളിലും മലയാള ഭാഷ നിർബന്ധമാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>മരാമത്ത് വകുപ്പിലെ ജനസമ്പർക്ക പരിപാടികൾ</u>

*109 ശ്രീ. മുല്ലക്കര രത്നാകരൻ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരാമത്ത് വകുപ്പിൽ നടപ്പാക്കിയിരുന്ന ജനസമ്പർക്ക പരിപാടികൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ജനസമ്പർക്ക പരിപാടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്തുമോ ;

(സി) ജനസമ്പർക്ക പരിപാടി തുടരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ പാക്കേജ്</u>

*110 ശ്രീ. സണ്ണി ജോസഫ്
,, ഷാഫി പറമ്പിൽ
,, വി. പി. സജീന്ദ്രൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ സമഗ്രമാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള വിദ്യാഭ്യാസ പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ;

(ബി) പാക്കേജിന്റെ വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതു നടപ്പാക്കുന്നതിന് മുമ്പ് ആരെല്ലാമായി ചർച്ച നടത്തുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പാക്കേജ് നടപ്പാക്കുന്നതിന് എത്ര കോടി രൂപയുടെ അധിക ബാദ്ധ്യത ഉണ്ടാകുമെന്നാണ് കരുതുന്നത്;

(ഇ) പ്രസ്തുത ബാദ്ധ്യത കുറയ്ക്കുവാൻ വേണ്ടി വിവിധ കേന്ദ്ര പദ്ധതികളുമായി ബന്ധപ്പെട്ട് ഈ പാക്കേജ് നടപ്പാക്കാൻ ശ്രമിക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി

*111 ശ്രീ. ചിറ്റയം ഗോപകുമാർ
,, സി. ദിവാകരൻ
,, വി. ശശി
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി എന്നിവ സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ആ നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഈ സ്ഥാപനങ്ങൾ കേരളത്തിൽ സ്ഥാപിക്കാൻ കഴിയുമെന്ന് പ്രതീക്ഷയുണ്ടോ ; എങ്കിൽ എന്നത്തേയ്ക്ക് ഇവ സ്ഥാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>നാഷണല്‍ ഹൈവേയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതിന് പാക്കേജ്</u>

*112 ശ്രീ. ജോസഫ് വാഴക്കന്‍
'' ബെന്നി ബെഹനാന്‍
'' ഹൈബി ഈഡന്‍
'' എ. റ്റി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് നാഷണല്‍ ഹൈവേയ്ക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിന് ഒരു പാക്കേജ് തയ്യാറാക്കാന്‍ ആലോചിച്ചിട്ടുണ്ടോ ;

(ബി) എങ്കില്‍ പ്രസ്തുത പാക്കേജിന്റെ വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ ;

(സി) പരാതി ഉന്നയിച്ചവരുമായി ചര്‍ച്ച ചെയ്ത് അതിന്റെ അടിസ്ഥാനത്തില്‍ ആവശ്യമായ ഭേദഗതി കൂടി ഉള്‍പ്പെടുത്തി പാക്കേജ് രൂപപ്പെടുത്താന്‍ നടപടി എടുക്കുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

വിദ്യാഭ്യാസ രംഗത്ത് നിയമനങ്ങളിലും പ്രവേശനങ്ങളിലും നിലനിൽക്കുന്ന അഴിമതി

*113 ശ്രീ. എസ്. ശർമ്മ
,, സി.കെ. സദാശിവൻ
ശ്രീമതി കെ.കെ. ലതിക
ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ രംഗത്ത് നിയമനങ്ങളിലും പ്രവേശനങ്ങളിലും അഴിമതി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അവസാനിപ്പിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) സ്വാശ്രയ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ അഴിമതിയും ദുഷ്പ്രവണതകളും സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട സംഗതികൾ എന്തെല്ലാമാണ്;

(സി) പ്രവേശന പരീക്ഷയിൽ ലഭിച്ച റാങ്കിന്റെ അടിസ്ഥാനത്തിൽ മാത്രമേ എല്ലാ പ്രൊഫഷണൽ കോഴ്സുകൾക്കും പ്രവേശനം നടത്താവൂ എന്ന നയം നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(ഡി) എങ്കിൽ സുപ്രീംകോടതിയിൽ പരിഗണനയിലിരിക്കുന്ന കേസുകളിൽ ഈ നിലപാട് അംഗീകരിച്ച് കിട്ടുന്നതിനായി ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>മരാമത്ത് വകുപ്പിലെ അവലോകന സമിതികളുടെ പ്രവർത്തനം</u>

*114 ശ്രീ. ഇ. കെ. വിജയൻ
,, വി. എസ്. സുനിൽകുമാർ
,, ചിറ്റയം ഗോപകുമാർ
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മരാമത്ത് വകുപ്പിന്റെ കീഴിൽ അവലോകന സമിതി രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ചു തുടങ്ങിയതെന്നുമുതലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയുടെ ചുമതലകൾ എന്തെല്ലാമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ സമിതികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ പ്രവർത്തനം നിലച്ചുപോകാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>പോസ്റ്റ്മെട്രിക് സ്കോളര്‍ഷിപ്പിനുള്ള അര്‍ഹത</u>

*115 ശ്രീ. എം. ഉമ്മര്‍
,, അബ്ദുറഹിമാന്‍ രണ്ടത്താണി
,, സി. മോയിന്‍കുട്ടി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്ര സര്‍ക്കാര്‍ നല്‍കുന്ന പോസ്റ്റ്മെട്രിക് സ്കോളര്‍ഷിപ്പ് ഓപ്പണ്‍ സ്കൂള്‍ വഴി യോഗ്യത നേടിയവര്‍ക്ക് ലഭിക്കാത്ത സാഹചര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്ര സര്‍ക്കാര്‍ നിഷ്ക്കര്‍ഷിച്ചിട്ടുള്ള മാനദണ്ഡങ്ങളില്‍ ഉള്‍പ്പെടാത്തതാണോ ഇവര്‍ക്ക് സ്കോളര്‍ഷിപ്പ് ലഭിക്കാതിരിക്കുന്നതിന്റെ കാരണം; എങ്കില്‍ ഇവരെ കൂടി ഉള്‍പ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികള്‍ സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) സെപ്റ്റംബര്‍ 15 നകം അര്‍ഹരായ വിദ്യാര്‍ത്ഥികളുടെ ലിസ്റ്റ് കേന്ദ്രത്തിന് സമര്‍പ്പിക്കണമെന്നിരിക്കെ ഇവര്‍ക്കായി പ്രത്യേക അപേക്ഷ സ്വീകരിക്കാന്‍ കേന്ദ്രത്തില്‍ സമ്മര്‍ദ്ദം ചെലുത്തുമോ; വിശദാംശങ്ങള്‍ നല്‍കുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>സി. ബി. എസ്. ഇ, ഐ. സി. എസ്. ഇ. സ്കൂളുകള്‍ക്ക് എന്‍. ഒ. സി.</u>

*116 ശ്രീമതി ഇ. എസ്. ബിജിമോള്‍
ശ്രീ. മുല്ലക്കര രത്നാകരന്‍
,, ജി. എസ്. ജയലാല്‍
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം എത്ര സി. ബി. എസ്. ഇ, ഐ. സി. എസ്. ഇ. സ്കൂളുകള്‍ക്ക് എന്‍. ഒ. സി. നല്‍കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുണ്ടായിരുന്ന അപേക്ഷകള്‍ക്ക് പുറമെ പുതിയ അപേക്ഷകളും ഇക്കാര്യത്തിനായി പരിഗണിച്ചിട്ടുണ്ടോ; ഇപ്പോള്‍ ഏതെങ്കിലും അപേക്ഷകള്‍ പരിഗണനയിലുണ്ടോ;

(സി) നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങള്‍ മറികടന്ന് പ്രസ്തുത സ്കൂളുകള്‍ക്ക് എന്‍. ഒ. സി. നല്‍കിയതുമായി ബന്ധപ്പെട്ട് ഏതെങ്കിലും പരാതികള്‍ ലഭിച്ചിട്ടുണ്ടോ;

(ഡി) എല്ലാ മാനദണ്ഡങ്ങളും പാലിച്ചുതന്നെയാണോ പ്രസ്തുത സ്കൂളുകള്‍ക്ക് എന്‍. ഒ. സി. നല്‍കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

ടൂറിസം മേഖലയുടെ വികസനം

*117 ശ്രീ. വി. ഡി. സതീശൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസംമേഖലയുടെ വികസനത്തിന്റെ ഭാഗമായി സഞ്ചാരികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്;

(ബി) ഹോംസ്റ്റേകൾ, ആയൂർവ്വേദ കേന്ദ്രങ്ങൾ, ടൂർഓപ്പറേറ്റർമാർ എന്നിവക്കായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ;

(സി) ടൂറിസം സ്ഥാപനങ്ങൾക്ക് എന്തെല്ലാം സഹായമാണ് നൽകാനുദ്ദേശിക്കുന്നത്;

(ഡി) ടൂറിസം സ്ഥാപനങ്ങൾ നടത്തുന്ന മേളകൾക്ക് ധനസഹായം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ എന്തെല്ലാം?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>സ്കൂളുകളിൽ പി. ടി. എ.</u>

*118 ശ്രീ. വി. ചെന്താമരാക്ഷൻ
,, കെ. വി. അബ്ദുൾ ഖാദർ
,, എ. എം. ആരിഫ്
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അൺഎയിഡഡ് ഉൾപ്പെടെയുള്ള എല്ലാ സ്കൂളുകളിലും നിർബന്ധമായും പി. ടി. എ. രൂപീകരിക്കണമെന്ന സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ നിർദ്ദേശം ബഹുഭൂരിപക്ഷം സി.ബി.എസ്.ഇ. സ്കൂളുകളും നടപ്പിലാക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി. ടി. എ. രൂപീകരിക്കാത്തത്, സ്കൂൾ മാനേജ്മെന്റുകൾക്ക് യഥേഷ്ടം അദ്ധ്യാപക നിയമനത്തിനും വിദ്യാർത്ഥി പ്രവേശനത്തിനും പണം പിരിക്കുന്നതിനും സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസന ആവശ്യങ്ങൾ നിർവ്വഹിക്കാതിരിക്കുന്നതിനും സാഹചര്യമൊരുക്കുന്നതായി കരുതുന്നുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>'സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്' പ്രവർത്തനങ്ങൾ</u>

*119 ശ്രീ. എൻ.ഷംസുദ്ദീൻ
,, പി. ഉബൈദുള്ള
,, പി. കെ. ബഷീർ
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (എസ്. ആർ. ഐ. പി.) പ്രവർത്തനങ്ങൾ വിശദീകരിക്കാമോ ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം റോഡുകളാണ് പുനരുദ്ധരിക്കുന്നത് ;

(സി) ഇതിനായി എന്ത് തുക ചെലവഴിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ പദ്ധതി നടപ്പാക്കുന്നതിനായി ഈ സർക്കാർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>റോഡുകളുടെ അറ്റകുറ്റപ്പണി</u>

*120 ശ്രീ. വി. പി. സജീന്ദ്രൻ
,, ഷാഫി പറമ്പിൽ
,, സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലവർഷത്തെ തുടർന്ന് തകർന്ന സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുളളത്;

(ബി) പ്രസ്തുത റോഡുകൾ നന്നാക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) റോഡുകളുടെ പ്രവൃത്തികൾ എന്നാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) റോഡുകൾ കോർപ്പറേഷൻ ഏറ്റെടുത്ത് അറ്റകുറ്റപ്പണി നടത്തുന്നതിന് നിബന്ധനകൾ വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ ?